tnkalvi.online

No. of Printed Pages : **6**

4768-M

റെജിസ്റ്റർ നംബർ | | | | | | | |

PART - III

ഭൂമിശാസ്ത്രം

(മലയാളംഭാഷാന്തരണം)

സമയ പരിധി : 3.00 മണിക്കൂർ] [പരമാവധി മാർക്ക് : 70

നിർദ്ദേശങ്ങൾ : (1) ചോദ്യക്കടലാസ്സിലെ അച്ചടിയുടെ ഗുണനിലവാരം പരിശോധിക്കുക. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ ഹാൾ സൂപ്പർവൈസറുമായി ബന്ധപ്പെടുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

ഭാഗം - I

കുറിപ്പ് : (i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **15x1=15**

(ii) തന്നിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരവും ഓപ്ഷൻ കോഡും എഴുതുക.

1. ജനസംഖ്യ പത്തുലക്ഷത്തിലെത്തിയ ആദ്യത്തെ നഗരം (മില്ല്യൺ സിറ്റി) :

(a) ന്യൂയോർക്ക് (b) ലണ്ടൻ സിറ്റി

(c) ടോക്കിയോ (d) പാരീസ്

2. 2018 -ലെ കണക്കുപ്രകാരം ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതമുള്ളത് _____ ലാണ്.

(a) ലാറ്റ്വിയ (b) സൗദി അറേബ്യ

(c) യമൻ (d) ഖത്തർ

[മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

3. ചേരുംപടി ചേർക്കുക.

(1)	നൈഗർ	(i)	പ്രായപൂർത്തിയായവരിലെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക്
(2)	സിംഗപ്പൂർ	(ii)	ഏറ്റവും ഉയർന്ന ലിംഗാനുപാതം
(3)	ബുർക്കിനോ ഫാസോ	(iii)	ഏറ്റവും ഉയർന്ന ഉർവരതാ നിരക്ക്
(4)	ലാറ്റ്വിയ	(iv)	ഏറ്റവും ഉയർന്ന പോഷക സാന്ദ്രത

(a) (1)-(iii), (2)-(iv), (3)-(ii), (4)-(i)
(b) (1)-(iii), (2)-(iv), (3)-(i), (4)-(ii)
(c) (1)-(ii), (2)-(iv), (3)-(i), (4)-(iii)
(d) (1)-(ii), (2)-(i), (3)-(iii), (4)-(iv)

4. ഏത് രണ്ടു നദികളുടെ സംഗമസ്ഥാനത്താണ് അലഹബാദ് സ്ഥിതിചെയ്യുന്നത് ?

(a) യമുന, കോസി
(b) കോസി, കൃഷ്ണ
(c) ഗംഗ, രവി
(d) ഗംഗ, യമുന

5. താഴെ തന്നിരിക്കുന്നവയിൽ **തെറ്റായ** പ്രസ്താവന കണ്ടുപിടിക്കുക.

(a) വ്യാവസായികമായി ഏറ്റവും അധികം ഉപയോഗിക്കുന്നത് ബിറ്റുമിനസ് അല്ലെങ്കിൽ കുക്കിംഗ് കോൾ ആണ്.
(b) മരത്തടി കൽക്കരിയായി മാറ്റപ്പെടുന്നതിലെ ആദ്യഘട്ടമാണ് പീറ്റ്. അതിൽ 30 മുതൽ 35 ശതമാനം വരെ മാത്രമേ കാർബൺ അടങ്ങിയിട്ടുള്ളു.
(c) ആന്ത്രാസൈറ്റ് വളരെ കഠിനമായതാണെങ്കിലും ധാരാളം പുക രൂപപ്പെടുത്തുകയും വളരെ കുറച്ച് ചാരം മാത്രം അവശേഷിപ്പിക്കുകയും ചെയ്യുന്നു.
(d) ലിഗ്നൈറ്റ് അല്ലെങ്കിൽ ബ്രൗൺ കോൾ, കുറഞ്ഞ ഗുണമേന്മയുള്ളതാണ്. അതിൽ 35-45 ശതമാനം വരെ കാർബൺ അടങ്ങിയിരിക്കുന്നു.

6. ലോകത്തിൽ ഏറ്റവും അധികം പ്ലാറ്റിനം ഉദ്പാദിപ്പിക്കുന്ന രാജ്യം :

(a) ചൈന
(b) ദക്ഷിണാഫ്രിക്ക
(c) കാനഡ
(d) ആസ്ട്രേലിയ

7. **തെറ്റായ** ജോഡി ഏതെന്ന് കണ്ടെത്തുക.

(a) സ്വകാര്യ വ്യവസായം - ഭിലായ് സ്റ്റീൽ പ്ലാന്റ്
(b) ഘനവ്യവസായം - ഇരുമ്പ് ഉരുക്ക് വ്യവസായം
(c) പൊതുമേഖല വ്യവസായം - ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്
(d) ലഘു വ്യവസായം - തയ്യൽ മെഷീൻ വ്യവസായം

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

8. **അനുമാനം (A)** : കൂട്ടത്തോടെയുള്ള പരക്കം പാച്ചിൽ സമയത്ത് കൈകൾ രണ്ടും ബോക്സിംഗ് പൊസിഷനിൽ പിടിക്കുന്നതുപോലെ നെഞ്ചോട് ചേർത്ത് പിടിക്കണം.

കാരണം (R) : ഇത് നമുക്ക് സൗകര്യമായി നീങ്ങാനുള്ള അവസരം ഉണ്ടാക്കുകയും വാരിയെല്ലുകളെ ക്ഷതമേൽക്കുന്നതിൽ നിന്നും സംരക്ഷിക്കുകയും ചെയ്യും.

(a) **(A)** –യും **(R)** –ഉം തെറ്റാണ്.

(b) **(A)** –യും **(R)** –ഉം ശരിയാണ്. **(R)** എന്നത് **(A)** –യുടെ ശരിയായ വിശദീകരണമാണ്.

(c) **(A)** ശരിയാണ് എന്നാൽ **(R)** തെറ്റാണ്.

(d) **(A)** –യും **(R)** –ഉം ശരിയാണ് **(R)** എന്നത് **(A)** –യുടെ ശരിയായ വിശദീകരണമല്ല.

9. _____ നെഗ്രില്ലോസ് എന്നും വിളിക്കപ്പെടുന്നു.

(a) ബെഡോവിൻ (b) പിഗ്മികൾ

(c) ബുഷ്മാൻ (d) മസായ്

10. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് പാശ്ചാത്യ സംസ്കാരത്തിന്റെ ഒരു ഉപവിഭാഗമല്ലാത്തത് ?

(a) മെഡിറ്ററേനിയൻ യൂറോപ്പ് (b) പശ്ചിമ യൂറോപ്പ്

(c) പൂർവ്വേഷ്യൻ സംസ്കാരം (d) ആംഗ്ലോ-അമേരിക്കൻ

11. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ഭൗമശാസ്ത്ര മേഖലയിൽ ഉപയോഗിക്കാത്ത വിദൂര സംവേദന സാങ്കേതം ?

(a) വൈൽഡ് ലൈഫ് എക്സ്പ്ലോറേഷൻ

(b) ലിത്തോളജിക്കൽ മാപ്പിംഗ്

(c) ഹൈഡ്രോകാർബൺ എക്സ്പ്ലോറേഷൻ

(d) സ്ട്രക്ചറൽ മാപ്പിംഗ്

12. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ഒരു ജിയോസിങ്ക്രണസ് ഉപഗ്രഹം ?

(a) SALT I (b) INTELSAT (c) SAMOS (d) TIROS

13. ഇന്ത്യയിൽ EIA നടപ്പിലാക്കിയ വർഷം ?

(a) 1950 (b) 1978 (c) 1956 (d) 1947

[മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

14. പരിസ്ഥിതി, വികസനം എന്നിവ സംബന്ധിച്ച ലോക കമ്മീഷന്റെ തലവൻ ആരായിരുന്നു ?

(a) എഡ്വേർഡ് ഗോൾഡ്സ്മിത്ത് (b) ജോർജ്ജ് പെർകിൻസ് മാർഷ്

(c) ഫ്രുട്ട്സ് ഷൂമാക്കർ (d) ഗ്രോ ഹാർലെം ബ്രണ്ട്ലാൻഡ്

15. വിറ്റികൾച്ചർ അഥവാ മുന്തിരി കൃഷി ഏതു മേഖലയുടെ പ്രത്യേകതയാണ് ?

(a) സഹാറാ മേഖല (b) പാമ്പാസ് മേഖല

(c) മെഡിറ്ററേനിയൻ മേഖല (d) സാവന്നാ മേഖല

ഭാഗം - II

കുറിപ്പ് : ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **24** –ന് **നിർബന്ധമായും** ഉത്തരമെഴുതണം. **6x2=12**

16. മൂന്ന് തരത്തിലുള്ള പ്രായം-ലിംഗം പിരമിഡുകളുടെ പേരുകൾ എഴുതുക.

17. ഏകകേന്ദ്ര മേഖലാ സിദ്ധാന്തം ആവിഷ്കരിച്ചത് ആരാണ് ? അദ്ദേഹത്തിന്റെ അനുമാനങ്ങൾ എന്തെല്ലാമായിരുന്നു ?

18. ലോകത്ത്, എണ്ണ ഉദ്പാദനത്തിൽ മുന്നിട്ടുനിൽക്കുന്ന ഏതെങ്കിലും നാല് രാജ്യങ്ങളുടെ പേരെഴുതുക.

19. മനുഷ്യകൃതമായ ദുരന്തങ്ങൾ എന്തെല്ലാം ?

20. മധ്യമേഖലാ വനം, ഉഷ്ണമേഖല മരുഭൂമികൾ, എന്നിവിടങ്ങളിൽ വസിക്കുന്ന ഓരോ ഗോത്ര വിഭാഗങ്ങളുടെ പേരുകൾ എഴുതുക.

21. ഡ്രോണിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

22. സുസ്ഥിര വികസനത്തിലെ ഗോൾ 15 –നെ കുറിച്ച് വിശദീകരിക്കുക.

23. കാലിക മേച്ചിൽ വർഗ്ഗം അഥവാ ട്രാൻസ്ഹ്യൂമൻസ് എന്തെന്ന് നിർവ്വചിക്കുക.

24. വ്യത്യസ്ത തരം ധാതുക്കൾ ഏതെല്ലാം ? ഓരോന്നിനും ഒരു ഉദാഹരണം വീതം നൽകുക.

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

ഭാഗം - III

കുറിപ്പ് : ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **33** –ന് **നിർബന്ധമായും** ഉത്തരമെഴുതണം. **6x3=18**

25. മൂന്ന് തരത്തിലുള്ള ഉപഗ്രഹ ഭ്രമണപഥങ്ങളെ കുറിച്ച് ഓരോ ഉദാഹരണ സഹിതം പ്രതിപാദിക്കുക.

26. മഹാനഗരസമുച്ചയം അഥവാ മെഗലോപോലിസിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

27. ഇന്ത്യയിലെ നിരക്ഷരരിൽ 70 ശതമാനം പേരെ ഉൾക്കൊള്ളുന്ന ആറ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പേരുകൾ എഴുതുക.

28. വോൺതുനെൻസ് കാർഷിക മാതൃകയുടെ ഏതെങ്കിലും മൂന്ന് അനുമാനങ്ങൾ എഴുതുക.

29. സാംസ്കാരിക മണ്ഡലം എന്നാൽ എന്തെന്ന് നിർവ്വചിക്കുക. അതിന്റെ പ്രധാന വിഭാഗങ്ങൾ പ്രതിപാദിക്കുക.

30. സുസ്ഥിര വികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? സുസ്ഥിര വികസനത്തിന്റെ ഏതെങ്കിലും പ്രധാനപ്പെട്ട രണ്ട് ലക്ഷ്യങ്ങൾ പ്രതിപാദിക്കുക.

31. മൈക്കയുടെ ഉപയോഗങ്ങൾ എന്തെല്ലാം ?

32. കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള, ദുരന്ത സാധ്യത കുറവു വരുത്തൽ എന്നതിനെ കുറിച്ച് എഴുതുക.

33. നാഗരിക ആവാസകേന്ദ്രങ്ങളുടെ തരംതിരിക്കലിനെ കുറിച്ച് എഴുതുക.

[മറുപുറം

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

ഭാഗം - IV

കുറിപ്പ് : **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **5x5=25**

34. (a) ജനസാന്ദ്രത കുറവുള്ള സ്ഥലങ്ങളെ കുറിച്ച് പ്രതിപാദിക്കുക. കുറഞ്ഞ ജനസാന്ദ്രതയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാം ?

അല്ലെങ്കിൽ

(b) നഗരവത്ക്കരണത്തിന്റെ പ്രശ്നങ്ങൾ വിശദീകരിക്കുക.

35. (a) ഗ്രാമീണ ആവസകേന്ദ്രം നഗര ആവാസകേന്ദ്രത്തിൽ നിന്നും എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

അല്ലെങ്കിൽ

(b) ഇരുമ്പ് അയിരിനെ തരം തിരിക്കുകയും വിശദീകരിക്കുകയും ചെയ്യുക.

36. (a) വംശങ്ങൾ തരംതിരിക്കപ്പെട്ടിരിക്കുന്നത് ഏതിന്റെ അടിസ്ഥാനത്തിലാണ് ? അവയുടെ പേരുകൾ പറയുക. കോകസോയിഡ്, മംഗോളോയിഡിൽ നിന്നും എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു ?

അല്ലെങ്കിൽ

(b) വിദൂര സംവേദനത്തിന്റെ ഘടകങ്ങൾ വിശദമാക്കുക.

37. (a) ലോക ഭൂപടത്തിന്റെ രൂപരേഖയിൽ, വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും അടയാളപ്പെടുത്തി അവയെ കുറിച്ച് ഒരു ചെറു കുറിപ്പ് എഴുതുക.

അല്ലെങ്കിൽ

(b) കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ വിവരിക്കുക.

38. (a) ലോക ഭൂപടത്തിന്റെ രൂപരേഖയിൽ ലോക ജനസാന്ദ്രത കൂടുതലുള്ള ഭാഗങ്ങൾ അടയാളപ്പെടുത്തി അതിനെ കുറിച്ച് ചുരുക്കത്തിൽ വിവരിക്കുക.

അല്ലെങ്കിൽ

(b) തിരക്കിൽ പരക്കംപാഞ്ഞോടുമ്പോൾ പാലിക്കേണ്ട നിയമങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിക്കുക.

- o O o -

TN Kalvi Online · tnkalvi.online/question-papers/class-12-geography-public-september-2021-malayalam · Source: DGE TN
Share your study materials with us: tnkalvi.online/share